**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **27-01-2026 - ൽ മറുപടിയ്ക്ക്**

**കീമോതെറാപ്പി ഗുളികകൾ മാറി നൽകിയത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശ്വാസകോശ ക്യാൻസർ ബാധിതരായ രോഗികൾക്ക് നൽകേണ്ട കീമോതെറാപ്പി ഗുളികകൾ തലച്ചോറിൽ കാൻസർ ബാധിച്ചവർക്ക് തെറ്റായി നൽകിയ ഗുരുതരമായ വീഴ്ച ആർ.സി.സി.യിൽ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ശ്വാസകോശ കാൻസർ ബാധിതരായ രോഗികൾക്ക് ആർസിസി- യിൽ നിന്നും കീമോതെറാപ്പി ഗുളികകൾ തെറ്റായി നൽകിയിട്ടില്ല. എന്നാൽ മരുന്ന് വിതരണത്തിനായി ആർസിസി ഫാർമസിയിൽ 09/07/2025-ന് ലഭിച്ച പ്രിസ്ക്രിപ്ഷൻ പ്രകാരം Cap.Temozolomide 100mg എന്ന മരുന്ന് രോഗിക്ക് കൊടുക്കാൻ വേണ്ടി റാക്കിൽ നിന്നും എടുത്തപ്പോൾ 5 ഗുളികകൾ വീതമുള്ള 10 പാക്കറ്റിന്റെ ഒരു സെറ്റിൽ 2 പാക്കറ്റിൽ, Cap. Etoposide 50mg എന്ന ലേബൽ കാണുകയുണ്ടായി. ഈ അപാകത ശ്രദ്ധ യിൽപ്പെട്ട ഉടൻതന്നെ തെറ്റായി കണ്ടെത്തിയ പാക്കെറ്റുകൾ ഡ്രഗ് കൺട്രോളർക്ക് കൈമാറുകയും, തുടർന്ന് മരുന്ന് വിതരണം ചെയ്ത കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഏത് സാഹചര്യത്തിലാണ് ഇപ്രകാരമുള്ള ഒരു ഗുരുതര വീഴ്ച സംഭവിച്ചതെന്നു വ്യക്തമാക്കുമോ; | (ബി) | ശ്വാസകോശ കാൻസർ ബാധിതരായ രോഗികൾക്ക് ആർസിസി- യിൽ നിന്നും കീമോതെറാപ്പി ഗുളികകൾ തെറ്റായി നൽകിയിട്ടില്ല. എന്നാൽ മരുന്ന് വിതരണത്തിനായി ആർസിസി ഫാർമസിയിൽ 09/07/2025-ന് ലഭിച്ച പ്രിസ്ക്രിപ്ഷൻ പ്രകാരം Cap.Temozolomide 100mg എന്ന മരുന്ന് രോഗിക്ക് കൊടുക്കാൻ വേണ്ടി റാക്കിൽ നിന്നും എടുത്തപ്പോൾ 5 ഗുളികകൾ വീതമുള്ള 10 പാക്കറ്റിന്റെ ഒരു സെറ്റിൽ 2 പാക്കറ്റിൽ, Cap. Etoposide 50mg എന്ന ലേബൽ കാണുകയുണ്ടായി. ഈ അപാകത ശ്രദ്ധ യിൽപ്പെട്ട ഉടൻതന്നെ തെറ്റായി കണ്ടെത്തിയ പാക്കെറ്റുകൾ ഡ്രഗ് കൺട്രോളർക്ക് കൈമാറുകയും, തുടർന്ന് മരുന്ന് വിതരണം ചെയ്ത കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (സി) | വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. ഏതാനും 'Temozolomide' ഗുളികകളുടെ പാക്കറ്റിനു മേൽ 'Etoposide' എന്ന തെറ്റായ വിധത്തിലുള്ള സെക്കൻഡറി ലേബലിംഗ് നടത്തിയതിലൂടെ |

| | | | |
|---|---|---|---|
| | ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | ഗൗരവതരമായ നിർമ്മാണ വൈകല്യം ഉണ്ടായതായി അന്വേഷണ സമിതി കണ്ടെത്തുകയും എന്നാൽ നിലവിലുള്ള കൺട്രോൾ മെക്കാനിസത്തിന്റെ ഭാഗമായുള്ള പരിശോധനയിലൂടെ രോഗികൾക്ക് യാതൊരു പ്രയാസവുമുണ്ടാകാതെ ഫലപ്രദമായി ആർ.സി.സിയ്ക്ക് പ്രവർത്തിക്കാൻ കഴിഞ്ഞെന്ന് റിപ്പോർട്ടിൽ സമിതി വിലയിരുത്തുകയും ചെയ്തു. ടി അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം മരുന്ന് സപ്ലൈ ചെയ്ത കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുകയും, കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ